# വണ്ടിച്ചെക്ക്: ഒന്നിൽ കൂടുതൽ തവണ നോട്ടീസയച്ചാലും ക്രിമിനൽ കേസ് നിലനില്ക്കും

## സുപ്രീം കോടതി

Crl. A. No. 26/2019 Dt. 8.1.2019

സിക്കാജൻ ഇന്ത്യ ലിമിറ്റഡ്

x

മഹീന്ദ്ര വദിനേനി

സിക്കാജൻ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയുമായി വ്യാപാര ഇടപാടുകളുള്ള വ്യക്തിയാണ് മഹീന്ദ്ര വദിനേനി എന്നയാൾ. കമ്പനിയിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിനുള്ള വിലയായി വദിനേനി കമ്പനിക്ക് നല്കാനുള്ള പത്ത് ലക്ഷത്തിലധികം രൂപ മൂന്ന് ചെക്കുകൾ മുഖേനയാണ് നല്കിയിരുന്നത്. ലഭിച്ച ചെക്കുകൾ കമ്പനി ബേങ്കിൽ ഹാജരാക്കിയപ്പോൾ വേണ്ടത്ര പണമില്ലെന്ന കാരണത്താൽ ബേങ്ക് കമ്പനിക്ക് ചെക്കുകൾ മടക്കി നല്കി. തുടർന്ന് 31.8.2009-ാം തീയതി ചെക്കുകൾ പണമില്ലാതെ മടങ്ങിയതിനാൽ പണം നല്കണമെന്ന് ആവശ്യപ്പെട്ട് കമ്പനി വദിനേനിക്ക് നിയമപ്രകാരമുള്ള നോട്ടീസയച്ചു. നോട്ടീസ് മുഖേന ആവശ്യപ്പെട്ടിട്ടും വദിനേനി പണം നല്കിയില്ല. എന്നിരുന്നാലും കമ്പനി ഇതു സംബന്ധിച്ച് വദിനേനിക്കെതിരെ ക്രിമിനൽ കേസ് കൊടുത്തില്ല. ഏതാനും നാളുകൾക്കു ശേഷം കമ്പനി ആ ചെക്കുകൾ വീണ്ടും ബേങ്കിൽ ഹാജരാക്കി. വേണ്ടത്ര പണമില്ലാത്തതിനാൽ ചെക്കുകൾ വീണ്ടും മടക്കിക്കിട്ടിയ കമ്പനി വീണ്ടും നിയമപ്രകാരമുള്ള നോട്ടീസയച്ചു. എന്നിട്ടും പണം ലഭിക്കായ്കയാൽ കമ്പനി വദിനേനിയെ പ്രതിയാക്കി മെട്രോപ്പോളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ പരാതി നല്കി. ഇതിനെതിരെ പ്രതി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. നിയമപ്രകാരമുള്ള ആദ്യ നോട്ടീസിന്റെ അടിസ്ഥാനത്തിൽ പരാതി നല്കാത്ത കമ്പനിക്ക് രണ്ടാം നോട്ടീസിന്റെ ബലത്തിൽ പരാതി നല്കാൻ അവകാശമില്ലെന്നും അത്തരം പരാതി നിയമപ്രകാരം നിലനില്ക്കില്ലെന്നും പ്രതി വാദിച്ചു. പ്രതിയുടെ വാദങ്ങൾ അംഗീകരിച്ച ഹൈക്കോടതി പ്രതിക്കെതിരെയുള്ള വണ്ടിച്ചെക്ക് കേസ് റദ്ദാക്കി. ഇതിനെതിരെ കമ്പനി സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ചെക്കിന്റെ കാലാവധിക്കുള്ളിൽ എത്ര തവണ വേണമെങ്കിലും ചെക്ക് ബേങ്കിൽ ഹാജരാക്കാമെന്നും ഓരോ തവണ ചെക്ക് മടങ്ങിയപ്പോഴും നിയമപ്രകാരമുള്ള നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും അവസാനം അയച്ച നോട്ടീസിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസ് നല്കാൻ നിയമ തടസ്സമില്ലെന്നും അത്തരം കേസ് നിലനില്ക്കില്ലെന്ന് കാണിച്ച് റദ്ദാക്കാനാവില്ലെന്നും സുപ്രീം കോടതി വിലയിരുത്തി. ഒരിക്കൽ നോട്ടീസയച്ചതിനു ശേഷം അതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ പരാതി നല്കിയില്ലെങ്കിൽ പിന്നീട് ആ ചെക്കിന്റെ ബലത്തിൽ ക്രിമിനൽ കേസ് നല്കാനാവില്ലെന്ന് ഹൈക്കോടതി വിധിച്ചത് തെറ്റാണെന്ന് വിധിച്ച സുപ്രീം കോടതി പ്രസ്തുത വിധി റദ്ദാക്കുകയും മെട്രോപ്പോളിറ്റൻ മജിസ്ട്രേറ്റ് കോടതി കമ്പനിയുടെ പരാതി പുനരെടുത്ത് വിചാരണ ചെയ്ത് ന്യായാന്യായത്തിന്മേൽ തീർപ്പാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.